ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇറക്കുമതി ഇപ്പോഴാണ് തുടങ്ങിയിട്ടുള്ളത്. അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കി നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അതു സംബന്ധിച്ച് കൂടുതൽ പഠിച്ച് നടപടികൾ എടുക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : 'ഡി' ഉത്തരമായി നൽകിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി വേറെ ഏതെങ്കിലും ലിസ്റ്റിൽ ഉൾപ്പെടുത്തി അനുമതി കൊടുക്കണമെന്നാണോ അതോ ഇറക്കുമതി തീരുവ വേണ്ടെന്നാണോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇറക്കുമതി തീരുവ തീരെ വേണ്ടെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഏതെങ്കിലും ഉപാധിയോടുകൂടി ഇറക്കുമതി അനുവദിച്ചാൽ ഇറക്കുമതിക്ക് യാതൊരു തടസ്സവുമില്ല എന്ന ധാരണയായിരിക്കും കേന്ദ്രത്തിനുണ്ടാവുക. അതിനുള്ള വഴി വയ്ക്കാൻ പാടില്ല.

ശ്രീ. നാലകത്ത് സൂപ്പി : ഇതുവരെ എത്രമാത്രം മത്സ്യോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വിശദമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

ശ്രീ. നാലകത്ത് സൂപ്പി : ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് നിവേദനങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നിവേദനം കിട്ടിയിട്ടുണ്ട്. മറ്റ് നടപടികൾ ഒന്നും നടത്തിയിട്ടില്ല. പൊതുവായുള്ള അജിറ്റേഷന്റെ ഭാഗമായി ഈ വിഷയവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് നടപ്പാകുമോയെന്ന കാര്യത്തിൽ ഉറപ്പില്ല.

ഉത്തരത്തിലെ തിരുത്ത്

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : 14-7-1999-ൽ നക്ഷത്രചിഹ്നമിടാത്ത 2603-ാം നമ്പർ ചോദ്യത്തിന് നൽകിയിരുന്ന ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. ശരിയായ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.†

(ചോദ്യോത്തര സമയം കഴിഞ്ഞു.)

† 1999 ജൂലായ് 14-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2603-ാം നമ്പർ ചോദ്യത്തിനുള്ള തിരുത്തിയ ഉത്തരം അനുബന്ധമായി ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly